# വേളം ഗ്രാമപഞ്ചായത്ത് കാര്യാലയം

പൂളക്കൂൽ പി.ഒ. കോഴിക്കോട് 673507
Ph:04962770109-email:secretaryvelompanchayath@gmail.com

തിയ്യതി: 16/01/2024

സെക്രട്ടറി
വേളം ഗ്രാമപഞ്ചായത്ത്

ഇൻറേണല് വിജിലൻസ് ഓഫീസര്
സിവിൽ സ്റ്റേഷന് കോഴിക്കോട്.

സർ,

വിഷയം : വേളം ഗ്രാമപഞ്ചായത്ത്- കെട്ടിടത്തിന് നമ്പര് അനുവദിക്കുന്നതു സംബന്ധിച്ച്

സൂചന: ശ്രീമതി. അബ്ദുൾ ലത്തീഫ് എം എം മടക്കമൂലയില് എന്നവരുടെ അപേക്ഷ.

വേളം ഗ്രാമപഞ്ചായത്തിലെ വാർഡ് 10ൽ വേളം വില്ലേജിലെ 145/22 ൽപ്പെട്ട സ്ഥലത്ത് എം എം അഗ്രിപാർക്ക് എന്നപേരില് നിർമ്മിച്ച 4.5 ച മീ കെട്ടിടം ക്രമവൽകരിച്ച് കെട്ടിട നമ്പർ അനുവദിക്കുന്നതിനാണ് അബ്ദുള് ലത്തീഫ് എം എം മടക്കമൂലയില് എന്നവര് 23/12/2021 തിയ്യതിയില് അപേക്ഷ സമർപ്പിച്ചത്. എൽഎസ്ജിഡി ഓവർസിയര് അന്വേഷണം നടത്തിയതിൽ സൈറ്റില് താല്കാലിക ബിൽഡിംഗുകള് , കുളം , ബോട്ട്ജെട്ടി, ട്രീഹൌസ്, അനിമൽ ഹൌസ് തുടങ്ങിയവ ഉള്ളതായും ആയത് പ്ലാനില് കാണിച്ചിട്ടില്ല എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ കേരള തീരദേശ പരിപാലന അതോറിറ്റിയുടെ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിനും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയത് കാണിച്ച് ടിയാന് 01/02/2022 തിയ്യതിയില് കത്ത് നൽകുകയും 02/03/2022 തിയ്യതിയില് കെട്ടിടം താല്കാലിക കെട്ടിടമാണെന്നും നിർമ്മിതി സ്ഥാപിക്കാത്തതിനാല് ആയത് എടുത്തു മാറ്റിക്കൊണ്ട് പോകാവുന്നതാണ് എന്നും പ്രസ്തുത സ്ഥലം CRZ പരിധിയില് വരുന്നില്ല എന്നും എഴുതി അറിയിച്ചിട്ടുണ്ട്. വേളം പഞ്ചായത്തില് കുറ്റ്യാടി പുഴയ്ക്ക് ഉളിക പുഴ പാലം വരെ CRZ ബാധകമായതിനാല് 05/06/2022 ന് CRZ പരിധിയില് ഉൾപ്പെട്ടതാണോ എന്ന് പരിശോധിക്കുന്നതിന് KCZMA യ്ക്ക് എ3-1096/22 നമ്പറായി കത്ത് അയയ്ക്കുകയും എന്നാൽ പ്രസ്തുത സ്ഥലത്തിൻറെ ജിയോ കോർഡിനേറ്റ് അറിയിച്ചു നൽകുന്നതിനും ടി ഓഫീസില് നിന്നും ആവശ്യപ്പെട്ട പ്രകാരം അബ്ദുള് ലത്തീഫ് എം എം മടക്കമൂലയിൽ എന്നവർക്ക് കത്ത് നൽകിയെങ്കിലും ആയത് ലഭ്യമാക്കിയതായി കാണുന്നില്ല.

സൂചന പ്രകാരം 09/01/2024 തിയ്യതിയില് വിശദമായ സൈറ്റ് പരിശോധന നടത്തുന്നതിന് ഓവർസിയറെ ചുമതലപ്പെടുത്തിയ പ്രകാരം നടത്തിയ പരിശോധനയില് അബ്ദുള് ലത്തീഫ് എം എം മടക്കുമൂലയിൽ എന്നവരുടെ ഉടമസ്ഥതയിലുള്ള 145/22 ൽപ്പെട്ട സ്ഥലത്ത് അനധികൃത നിർമ്മാണങ്ങള് ഉള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിർമ്മാണങ്ങള് ചുവടെ ചേർക്കുന്നു.

1. ടിക്കറ്റ് കൌണ്ടർ - 4.41 ച മീ
2. ടീ/ഐസ്ക്രീം കൌണ്ടർ -8.43 ച മീ
3. സ്റ്റോറൂം -16.8 ച മീ
4. പമ്പ്/മോട്ടോർ ഹൌസ് -6.56 ച മീ
5. സ്റ്റാഫ് റൂം -17.38 ച മീ
6. പ്രാർത്ഥനാ മുറി -25.16 ച മീ
7. ടോയ് ലറ്റ്/ ബാത്ത്റൂം - 5.92ച മീ
8. ഷോപ്പ് -8.5 ച മീ
9. ലൈഫ് ജാക്കറ്റ് സ്റ്റോർ ഹട്ട്-8.325ച മീ
10. ടിക്കറ്റ് കൌണ്ടർ -2.15ച മീ
11. കുടിൽ -4.52ച മീ
12. ടീ ഹൌസ് -43.92ച മീ
13. കുടിൽ -18.4 ച മീ
14. ഫിഷ് സ്പാ -8.1ച മീ
15. ഓഫീസ് -31.33ച മീ
16. ടീ ഷോപ്പ് -3.975ച മീ

**ആകെ – 213.88**

പ്രസ്തുത നിർമ്മാണങ്ങള് സൈറ്റ് പ്ലാനില് രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ശ്രീ.അബ്ദുൾ ലത്തീഫ് എം എം എന്നവരുടെ അപേക്ഷയിൽ ചുവടെ ചേർത്ത ന്യൂനതകള് ഉണ്ട് എന്നും പ്രസ്തുത ന്യൂനതകൾ ടിയാനെ അറിയിച്ചിട്ടുണ്ട് എന്നും ബോധിപ്പിക്കുന്നു.

1. സൈറ്റിൽ നിലവില് ഉള്ള എല്ലാ കെട്ടിടങ്ങളും സൈറ്റ് പ്ലാനില് രേഖപ്പെടുത്തിയിട്ടില്ല .മേൽ ഖണ്ഡിക2 പ്രകാരമുള്ള 213.88ച മീ വിവിധ
   നിർമ്മാണങ്ങള് സൈറ്റ് പ്ലാനില് രേഖപ്പെടുത്തി പുതുക്കിയ പ്ലാന് അപേക്ഷകന് സമർപ്പിക്കേണ്ടതാണ്.
2. പുഴയോട് ചേർന്ന് നിർമ്മാണ പ്രവർത്തനങ്ങള് നടത്തിയിട്ടുണ്ട്. പ്രസ്തുത നിർമ്മാണങ്ങള് പുഴയോ പുഴ പുറമ്പോക്കോ കയ്യേറിയിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനായി സർവ്വേ സ്കെച്ച് അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടില്ല.

മേൽ വിവരിച്ച അപാകതകള് പരിഹരിച്ച് പ്ലാന് സമർപ്പിക്കുന്ന മുറയ്ക്ക് കെട്ടിട നിർമ്മാണചട്ടങ്ങൾക്ക് വിധേയമായി അപേക്ഷയില് തുടര് നടപടികള് സ്വീകരിക്കുന്നതാണ് എന്ന വിവരം ബോധിപ്പിക്കുന്നു

OFFICE OF THE VELOM GRAMA PANCHAYATH
Date:..............
P.O. POOLAKKOOL

വിശ്വസ്തതയോടെ,

Sd/- IC

Secretary
Velom Grama Panchayat
P.o Poolakkool, Pin: 673507